പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2130 18.03.2015-ൽ മറുപടിയ്ക്ക്

## പേരാമ്പ്ര 33 കെ. വി. സബ്സ്റ്റേഷൻ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | പേരാമ്പ്ര 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) | 33 കെ.വി. ലൈൻ നിർമ്മാണം പൂർത്തിയായി വരികയാണ്. ലൈൻ നിർമ്മാണത്തിനാവശ്യമായ പോസ്റ്റുകൾ പൂർണ്ണമായി സ്ഥാപിച്ചു കഴിഞ്ഞു. റോഡിന്റെ വശത്തുള്ള മരങ്ങളും മുറിച്ചു നീക്കി കഴിഞ്ഞിട്ടുണ്ട്. ഇറിഗേഷൻ കനാലിലെ മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | സബ്സ്റ്റേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ലൈൻ നിർമ്മാണത്തിന് പ്രാദേശികമായി ഉണ്ടായിരുന്ന എതിർപ്പുകൾ പരിഹരിക്കുന്നതിനും, ഇറിഗേഷൻ കനാൽ, പി.ഡബ്ല്യു.ഡി. റോഡ് ഇവയിലൂടെ ലൈൻ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനുണ്ടായ കാലതാമസവുമാണ് തുടക്കത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായത്. ഈ തടസ്സങ്ങൾ എല്ലാം പരിഹരിച്ച് ലൈൻ നിർമ്മാണം പുരോഗമിച്ചു വരുന്നു. സബ്സ്റ്റേഷൻ കൺട്രോൾ റൂം നിർമ്മാണം ടെൻഡർ ചെയ്യുന്നെങ്കിലും എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ ഉയർന്ന തുക ക്വോട്ട് ചെയ്ത സാഹചര്യത്തിൽ പ്രീഫാബ്രിക്കേഷൻ രീതിയിൽ കൺട്രോൾ റൂം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. |
| (സി) | എന്തെല്ലാം പ്രവൃത്തിയാണ് നടത്താൻ ബാക്കിയുള്ളത് എന്ന് വ്യക്തമാക്കുമോ ; | (സി) | ലൈൻ നിർമ്മാണവും, . സബ്സ്റ്റേഷൻ കൺട്രോൾ റൂം നിർമ്മാണവും, അനുബന്ധ ഉപകരണങ്ങളുടെ സ്ഥാപിക്കലുമാണ് പ്രധാനമായി ബാക്കിയുള്ളത്. |
| (ഡി) | സബ്സ്റ്റേഷൻ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കും എന്ന് അറിയിക്കുമോ ? | (ഡി) | 2015 ഡിസംബർ മാസം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.